LIBRARY ARCHIVES Kerala Legislative Assembly

കായംകുളം നിയോജകമണ്ഡലത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ പരിപാടികൾ

75(728) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വഴി കായംകുളം നിയോജകമണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി വിനിയോഗിച്ച തുക എത്രയാണെന്നും ഏതൊക്കെ സ്കൂളുകളെയാണ് ടി പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന സ്കൂളുകളെ വിവിധ പരിപാടികൾക്കായി തെരഞ്ഞെടുക്കുകയും മേൽ സ്കൂളുകൾക്ക് പരിപാടിയിൽ തെരഞ്ഞെടുത്തതായുള്ള അറിയിപ്പും മാർഗ്ഗ നിർദ്ദേശങ്ങളും അയച്ചു കൊടുക്കുകയും ചെയ്തു. ആയതിൽ, CNPPMVHSS-ൽ സ്കൂൾ സെമിനാറും CMS HS കറ്റാനം പള്ളിക്കൽ (PO), HSS ചെട്ടികുളങ്ങര എന്നീ സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരവും നടത്തിയിട്ടുണ്ട്. ബാക്കി സ്കൂളുകൾ പരിപാടി നടത്തിയിട്ടില്ല. ആകെ 17,390 രൂപ അനുവദിച്ചിട്ടുണ്ട്. താഴെപ്പറയുന്ന സ്കൂളുകളെ വിവിധ പരിപാടികൾക്കായി തെരഞ്ഞെടുത്തിട്ടുണ്ട്.

1. ഗവൺമെന്റ് ബോയ്സ് HSS, കായംകുളം
2. NRPM HSS, കായംകുളം
3. HSS ചെട്ടികുളങ്ങര
4. CMS HS കറ്റാനം, പള്ളിക്കൽ (PO)
5. കൊയ്പ്പാണി കാരണ്മ HS, ഓലകെട്ടിയമ്പലം
6. പഞ്ചായത്ത് HS, പത്തിയൂർ, കീരിക്കാട്
7. KIT ഇംഗ്ലീഷ് സ്കൂൾ, കരീലകുളങ്ങര
8. CNPPMVHSS പള്ളിക്കൽ കടച്ചിറ
9. വിശ്വഭാരതി മോഡൽ HSS

10 CMSHSS പുതുപ്പള്ളി (PO)

11. സെന്റ് മേരീസ് GHS പുതിയിടം